# അമിതഭാരം കയറ്റി പോകുന്ന വാഹനങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കും.

മഴക്കാലത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി വാഹന പരിശോധനകൾ കർശനമായി തുടരാൻ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി എ.വി.ജോർജ്ജ് ഐ.പി.എസ് പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

വാഹനങ്ങളിൽ അമിതഭാരം കയറ്റി പോകുന്നതായി ശ്രദ്ധയിൽ പെട്ടതിനെത്തുടർന്ന് ഇത്തരം വാഹനങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വാഹന പരിശോധന സമയത്ത് വാഹനങ്ങളുടെ ടയർ കണ്ടീഷൻ,വൈപ്പർ, ബ്രേക്ക് ലൈറ്റ്, ഇൻഡിക്കേറ്റർ, എന്നിവയുടെ പ്രവർത്തനവും പരിശോധിക്കും. മദ്യപിച്ചും അമിത വേഗതയിലും, അശ്രദ്ധമായും വാഹനം ഓടിക്കുന്നവർക്കെതിരെയും കർശന നടപടി ഉണ്ടാകും. മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് വാഹനം ഓടിക്കുന്നവർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്ത് മൊബൈൽ ഫോൺ ബന്തവസ്സിലെടുക്കും.

റോഡ് സൈഡിലും മീഡിയനുകളിലും വാഹന ഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന വിധത്തിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനും, അനധികൃത പാർക്കിംഗിന് എതിരെയും നടപടികൾ സ്വീകരിക്കുന്നതാണ്. അപകടകരമായ അവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനും, ഹംപുകൾ മാർക്ക് ചെയ്യുന്നതിനും ബന്ധപ്പെട്ട അധികാരികൾക്ക് അറിയിപ്പ് നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ പോലീസ് മേധാവി നിർദ്ദേശം നൽകി.